"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കേരള സഹകരണ നിയമം - സമഗ്ര പരിഷ്കരണം - കരട് ചട്ടം രൂപീകരിക്കുന്നതിനായി സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ(ബി) വകുപ്പ്**

G.O.(Rt)No.49/2024/Co-Op തീയതി,തിരുവനന്തപുരം, 22-01-2024

പരാമർശം:-

1. 02/07/2019 ലെ സ.ഉ(സാധാ)നം.418/2019/സഹ നമ്പർ ഉത്തരവ്.
2. 23/10/2019 ലെ സ.ഉ(സാധാ)നം.629/2019/സഹ നമ്പർ ഉത്തരവ്.
3. 22/09/2021 ലെ സ.ഉ(സാധാ)നം.570/2021/സഹ നമ്പർ ഉത്തരവ്.
4. സഹകരണ സംഘം രജിസ്ട്രാറുടെ 07/11/2023 ലെ ആർ.സി.എസ്/3613/2019/ജി(3) നമ്പർ കത്ത്.

**ഉത്തരവ്**

സഹകരണ മേഖലയിലുണ്ടായ മാറ്റങ്ങൾക്കനുസൃതമായി ഭാവി വികസനത്തിന് അടിത്തറ നൽകാവുന്ന രീതിയിൽ കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളും സമഗ്രമായി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടികൾ തുടർന്നു വരികയാണ്. സമഗ്ര നിയമ ഭേദഗതിക്ക് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്നവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കണമെന്ന് പരാമർശം നാലിലെ കത്ത് മുഖേന സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിക്കുകയുണ്ടായി .

| സഹകരണ സംഘം രജിസ്ട്രാർ | അദ്ധ്യക്ഷൻ |
|---|---|
| അഡീഷണൽ സെക്രട്ടറി, നിയമ (നിയമ നിർമ്മാണ - എച്ച്) വകുപ്പ് | മെമ്പർ |
| അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ് | മെമ്പർ |
| അഡ്വ. സതീന്ദ്രകുമാർ, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ മുൻ ചെയർമാൻ | മെമ്പർ |
| അഡ്വ. ജോസ് ഫിലിപ്പ്, മുൻ അഡീഷണൽ രജിസ്ട്രാർ | മെമ്പർ |
| സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ലാ ഓഫീസർ | മെമ്പർ |
| | |

| | |
|---|---|
| ശ്രീ. ബിനോയ് കുമാർ, സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ | മെമ്പർ |
| ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) | കൺവീനർ |

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സഹകരണ സംഘം നിയമം, 1969 ലുള്ള സമഗ്ര പരിഷ്കരണത്തിന് അനുസൃതമായ് കരട് ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി മേൽപ്പറഞ്ഞവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AMRITHLAL A R
DEPUTY SECRETARY

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. അഡീഷണൽ സെക്രട്ടറി, നിയമ (നിയമ നിർമ്മാണ - എച്ച്) വകുപ്പ്
3. അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
4. കമ്മിറ്റി അംഗങ്ങൾക്ക് (*സഹകരണ സംഘം രജിസ്ട്രാർ മുഖേന*)
5. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 22-01-2024 13:54:59

പകർപ്പ്:- സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ. യ്ക്ക്.